## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ-1650

15.02.2016-ൽ മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിലെ പഞ്ചായത്തുകളിലെ ഒഴിവുകൾ

**ചോദ്യം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

**ഉത്തരം**

ഡോ. എം.കെ. മുനീർ,
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| ക്രമ നമ്പർ | ചോദ്യം | ഉത്തരം. |
|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, സീനിയർ ക്ലാർക്ക്, ക്ലാർക്ക്, ഓഫീസ് അസിസ്റ്റന്റ്, ഡ്രൈവർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ ഗ്രേഡ് 1, 2, 3 എന്നിവയിൽ എത്ര തസ്തികകൾ ഉണ്ടെന്നും ഇവയിൽ ഇപ്പോൾ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ നൽകാമോ; | കാസർഗോഡ് ജില്ലയിൽ ആകെയുള്ള 38 ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികകളിൽ കുമ്പഡാജെ, പൈവളിഗെ, പനത്തടി, ഉദുമ എന്നീ ഗ്രാമപഞ്ചായത്തുകളിലായി 4 ഒഴിവുകൾ നിലവിലുണ്ട്. 33 അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളിൽ ചെമ്മനാട്, വെസ്റ്റ് എളേരി, പുത്തിഗെ എന്നീ ഗ്രാമപഞ്ചായത്തുകളിലായി 3 ഒഴിവുകൾ നിലവിലുണ്ട്. നിലവിലുള്ള 20 ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത്, ബേഡഡുക്ക ഗ്രാമപഞ്ചായത്ത്, പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-1 എന്നിവിടങ്ങളിലായി 3 ഒഴിവുകൾ നിലവിലുണ്ട്. 27 ഹെഡ് ക്ലാർക്ക് തസ്തികകളിൽ വലിയപറമ്പ ഗ്രാമപഞ്ചായത്തിൽ ഒരു ഒഴിവ് നിലവിലുണ്ട്. 38 അക്കൗണ്ടന്റ് തസ്തികകളിൽ വോർക്കാടി ഗ്രാമപഞ്ചായത്തിൽ ഒരു ഒഴിവ് നിലവിലുണ്ട്. 132 സീനിയർ ക്ലാർക്ക് തസ്തികകളിൽ പൈവളിഗെ, ദേലംപാടി എന്നീ ഗ്രാമപഞ്ചായത്തുകളിലായി 2 ഒഴിവുകൾ നിലവിലുണ്ട്. 139 ക്ലാർക്ക് തസ്തികകളിൽ 12 ഒഴിവുകൾ നിലവിലുണ്ട്. 56 ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ ഒഴിവുകൾ |

ഒന്നും തന്നെ നിലവിലില്ല. 17 ഡ്രൈവർ തസ്തികകളിൽ യാതൊരു ഒഴിവുകളും നിലവിലില്ല.

എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിൽ ക്ലാർക്കുമാരുടെ 7-ഉം, സീനിയർ ക്ലാർക്കുമാരുടെ 7-ഉം, ജൂനിയർ സൂപ്രണ്ടിന്റെ 1-ഉം, ഡ്രൈവറുടെ ഒരു തസ്തികയും ഓഫീസ് അറ്റൻഡന്റുമാരുടെ 9 തസ്തികകളും നിലവിലുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ 37-ഉം, ഫസ്റ്റ് ഗ്രേഡ് ഓവർസീയർമാരുടെ 25-ഉം സെക്കന്റ് ഗ്രേഡ് ഓവർസീയർമാരുടെ 23-ഉം തേർഡ് ഗ്രേഡ് ഓവർസീയർമാരുടെ 37 തസ്തികകളും നിലവിലുണ്ട്. പ്രസ്തുത തസ്തികകളിലെ നിലവിലുള്ള ഒഴിവുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| ***അസിസ്റ്റന്റ് എഞ്ചിനീയർ*** | ***ഒഴിവുകളുടെ എണ്ണം*** |
|---|---|
| മംഗൽപ്പാടി | 1 |
| മഞ്ചേശ്വരം | 1 |
| എൻമകജെ | 1 |
| മുളിയാർ/കാറടുക്ക | 1 |
| ദേലംപാടി | 1 |
| ബദിയടുക്ക | 1 |
| കുറ്റിക്കോൽ | 1 |
| ബളാൽ | 1 |
| കിനാനൂർ-കരിന്തളം | 1 |
| പനത്തടി/കള്ളാർ | 1 |
| തൃക്കരിപ്പൂർ | 1 |
| മടിക്കൈ | 1 |
| പുല്ലൂർ/പെരിയ | 1 |
| ബേഡഡുക്ക | 1 |
| ചെങ്കള | 1 |

| ഒന്നാം ഗ്രേഡ് ഓവർസീയർ | ഒഴിവുകളുടെ എണ്ണം |
|---|---|
| കാസർഗോഡ് ഡിവിഷൻ | 2 |
| മഞ്ചേശ്വരം | 1 |
| മീഞ്ച/വോർക്കടി | 1 |
| പൈവളിഗെ/പുത്തിഗെ | 1 |
| എൻമകജെ | 1 |
| കുംബഡാജെ/ബേളൂർ | 1 |
| ബളാൽ | 1 |
| വെസ്റ്റ് എളേരി/ഈസ്റ്റ് എളേരി | 1 |
| പനത്തടി/കള്ളാർ | 1 |
| വലിയപറമ്പ/പടന്ന | 1 |
| പീലിക്കോട്/കയ്യൂർ-ചീമേനി | 1 |
| പുല്ലൂർ പെരിയ | 1 |
| മധുർ | 1 |

| രണ്ടാം ഗ്രേഡ് ഓവർസീയർ | ഒഴിവുകളുടെ എണ്ണം |
|---|---|
| കാസർഗോഡ് ഡിവിഷൻ | 1 |
| മഞ്ചേശ്വരം | 1 |
| മുളിയാർ/കാറടുക്ക | 1 |
| കുറ്റിക്കോൽ | 1 |
| കിനാനൂർ | 1 |
| ഉദുമ | 1 |
| അജാനൂർ | 1 |
| മൊഗ്രാൽ | 1 |

| മൂന്നാം ഗ്രേഡ് ഓവർസീയർ | ഒഴിവുകളുടെ എണ്ണം |
|---|---|
| വലിയപറമ്പ | 1 |
| ബദിയടുക്ക | 1 |

| | | |
|---|---|---|
| (ബി) | ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ എത്ര കാലമായി ഈ അവസ്ഥയിൽ തുടരുന്നുവെന്നും ഈ തസ്തികകൾ എപ്പോൾ നികത്തുമെന്നും വ്യക്തമാക്കാമോ; | കാസർഗോഡ് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ഒഴിവുള്ള തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ***തസ്തിക*** | ***ഓഫീസിന്റെ പേര്*** | ***ഒഴിവ് നിലവിൽ വന്ന തീയതി*** |
|---|---|---|
| സെക്രട്ടറി | കുമ്പഡാജെ ഗ്രാമപഞ്ചായത്ത് | 01.01.2016 |
| | പൈവളിഗെ ഗ്രാമപഞ്ചായത്ത് | 16.07.2014 |
| | പനത്തടി ഗ്രാമപഞ്ചായത്ത് | 10.12.2015 |
| | ഉദുമ ഗ്രാമപഞ്ചായത്ത് | 01.01.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ചെമ്മനാട് ഗ്രാമപഞ്ചായത്ത് | 01.01.2016 |
| | വെസ്റ്റ്-എളേരി ഗ്രാമപഞ്ചായത്ത് | 02.02.2016 |
| | പുത്തിഗെ ഗ്രാമപഞ്ചായത്ത് | 11.01.2016 |
| ജൂനിയർ സൂപ്രണ്ട് | കാസർഗോഡ് ജില്ലാ പഞ്ചായത്ത് | 07.02.2016 |
| | ബേഡഡുക്ക ഗ്രാമപഞ്ചായത്ത് | 07.02.2016 |
| | പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-1 | 11.12.2015 |
| അക്കൗണ്ടന്റ് | വോർക്കാടി ഗ്രാമപഞ്ചായത്ത് | 04.02.2016 |
| ഹെഡ് ക്ലാർക്ക് | വലിയപറമ്പ ഗ്രാമപഞ്ചായത്ത് | 09.09.2015 |
| സീനിയർ ക്ലാർക്ക് | പൈവളിഗെ ഗ്രാമപഞ്ചായത്ത് | 01.02.2015 |
| | ദേലംപാടി ഗ്രാമപഞ്ചായത്ത് | 01.02.2015 |
| ക്ലാർക്ക് | ബദിയഡുക്ക ഗ്രാമപഞ്ചായത്ത് | 01.09.2015 |
| | എൻമകജെ ഗ്രാമപഞ്ചായത്ത് (2 ഒഴിവുകൾ) | 17.11.2015<br>19.12.2015 |

| | | |
|---|---|---|
| | കാറഡുക്ക ഗ്രാമപഞ്ചായത്ത് | 26.08.2015 |
| | വോർക്കാടി ഗ്രാമപഞ്ചായത്ത് (2 ഒഴിവുകൾ) | 28.07.2015<br>25.08.2015 |
| | കോടോംബേളൂർ ഗ്രാമപഞ്ചായത്ത് | 25.01.2016 |
| | കുമ്പള ഗ്രാമപഞ്ചായത്ത് | 23.12.2015 |
| | ചെമ്മനാട് ഗ്രാമപഞ്ചായത്ത് | 19.12.2015 |
| | ബേഡഡുക്ക ഗ്രാമപഞ്ചായത്ത് | 18.01.2016 |
| | മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് (2 ഒഴിവുകൾ) | 21.12.2015<br>26.08.2015 |

അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ടാം ഗ്രേഡ് ഓവർസീയർ, മൂന്നാം ഗ്രേഡ് ഓവർസീയർ എന്നീ തസ്തികകളിലെ ഒഴിവുകൾ 2014, വർഷാവസാനവും, ഒന്നാം ഗ്രേഡ് ഓവർസീയർ ഒഴിവുകൾ 2013 വർഷം മുതലും ഉണ്ടായതാണ്. ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താത്ക്കാലികമായി നികത്തിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് ഈ ഒഴിവുകൾ എല്ലാംതന്നെ നികത്തുന്നതാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി 04.02.2016-ൽ ഡി.പി.സി. യോഗം ചേരുകയും പ്രൊമോഷൻ മുഖേന

| | | |
|---|---|---|
| | | ഒഴിവുകൾ നികത്തുന്നതിന് നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പ്രൊമോഷനെ ത്തുടർന്ന് ഒഴിവ് നികത്തുന്ന മുറയ്ക്ക് താഴെയുള്ള മറ്റ് തസ്തികകളിലെ ഒഴിവുകൾ കൂടി തുടർന്ന് പ്രൊമോഷൻ മുഖേന നികത്തുന്നതാണ്.<br><br>കാസർഗോഡ് ജില്ലയിൽ ക്ലാർക്ക് തസ്തികയിലുള്ള 12 ഒഴിവുകളിൽ 2 എണ്ണം അന്തർ വകുപ്പ് സ്ഥലംമാറ്റത്തിനും ഒരെണ്ണം ആശ്രിത നിയമനത്തിനും മാറ്റി വച്ചിട്ടുണ്ട്. 4 പേർക്ക് പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്. 4 ഒഴിവുകൾ കന്നട-മലയാളം അറിയുന്ന ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്നതിനായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ആയിട്ടില്ല. ഒരു ഒഴിവ് സസ്പെൻഷനിലുള്ള ക്ലാർക്കിന്റെ ഒഴിവാണ്. |

**സെക്ഷൻ ഓഫീസർ**